പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2951 — 17.10.2016 ൽ മറുപടിയ്ക്ക്

സപ്ലൈകോ ജീവനക്കാരുടെ ശമ്പള പരിഷ്കരണവും പെൻഷനും

| ചോദ്യം<br>ശ്രീ. എസ്.ശർമ്മ | | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 2015-16 വർഷം സപ്ലൈകോയ്ക്ക് എത്ര കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും എത്ര രൂപ ലോൺ എടുത്തിട്ടുണ്ടെന്നും എവിടെ നിന്നൊക്കെയാണ് ലോൺ എടുത്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (എ) | 2015-2016 സാമ്പത്തിക വർഷം സപ്ലൈകോ എടുത്തിട്ടുള്ള വായ്പ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>**1.** സപ്ലൈകോയ്ക്ക് ഫെഡറൽ ബാങ്ക് ഗിരിനഗർ ശാഖയിലും, ക്യാനറാ ബാങ്ക് പനമ്പിള്ളി നഗർ ശാഖയിലും 350 കോടി രൂപ വീതമുള്ള ക്യാഷ് ക്രെഡിറ്റ് സൗകര്യം ഉണ്ട്. ടി അക്കൌണ്ടുകളിൽ, 31.03.2016 ലെ വായ്പാതുക താഴെ ചേർക്കുന്നു.<br>ഫെഡറൽ ബാങ്ക് - 292,90,38,629.70 രൂപ<br>ക്യാനറാ ബാങ്ക് - 124,23,72,645.87 രൂപ<br>**2.** മേൽ വായ്പകൾ കൂടാതെ, **പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും 2015-2016 സാമ്പത്തിക വർഷത്തിൽ 100 കോടി രൂപ** വായ്പ എടുക്കുകയും 2015-16 ൽ തന്നെ സർക്കാർ സഹായത്തോടെ പലിശ സഹിതം തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സപ്ലൈകോ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | സപ്ലൈകോ ജീവനക്കാരുടെ ശമ്പളപരിഷ്കരണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ആയതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |
| (സി) | സപ്ലൈകോ ജീവനക്കാർക്ക് പെൻഷൻ നൽകുവാൻ പുതുതായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | സപ്ലൈകോ ജീവനക്കാർക്കായി NPS (നാഷണൽ പെൻഷൻ സിസ്റ്റം) നടപ്പിൽ വരുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിൽ വരുത്തുന്നതുമൂലം സപ്ലൈകോയ്ക്ക് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല എന്ന വിവരം 25.5.15 ൽ അറിയിച്ചിട്ടുണ്ട്. 21.07.2016 ൽ തിരുവനന്തപുരത്തു വച്ച് ഡിപ്പാർട്ടുമെന്റും PFRDA യും സംയുക്തമായി സംഘടിപ്പിച്ച 'NPS' awareness |

programme നെ തുടർന്ന് KSR part III ബാധകമല്ലാത്ത സർക്കാർ സ്വയംഭരണ സ്ഥാപനങ്ങളേയും പൊതുമേഖലാ സ്ഥാപനങ്ങളേയും NPS ന്റെ കീഴിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ